LIBRARY ARCHIVES Kerala Legislative Assembly

പാടൃം-കോട്ടയം കുടിവെള്ള പദ്ധതി

124 (6283) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പാടൃം-കോട്ടയം കുടിവെള്ള പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എ.യു.ഡബ്ള്യു.എസ്.പി. പ്രകാരം എത്ര തുക അനുവദിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ കിണർ, മൂന്ന് ജലസംഭരണികൾ, ബൂസ്റ്റർ പമ്പ്, കോട്ടയം ജലസംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ എന്നിവയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. 600 എം.എം. റോവാട്ടർ പമ്പിംഗ് മെയിനിന്റെ 75% പണികളും ശുദ്ധീകരണ ശാലയുടെ 50% പണികളും പൂർത്തിയായിട്ടുണ്ട്. കൊപ്രാകളത്തിൽ നിന്നും കോട്ടയം ജലസംഭരണിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, കൂത്തുപറമ്പ് ജലസംഭരണിയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ ശുദ്ധീകരണശാല മുതൽ ബൂസ്റ്റർ സാമ്പിലേക്കുള്ള ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല എന്നീ ഘടകങ്ങളുടെ ടെണ്ടറുകൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷ്മ പരിശോധനയിലാണ്.

(ബി) പദ്ധതിക്ക് 473.96 ലക്ഷം രൂപ കേന്ദ്ര സഹായമായും 325.38 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്.

(സി) 193.33 ലക്ഷം രൂപ ഇതുവരെ ചിലവഴിച്ചു.

(ഡി) മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇതിൽ ഉൾപ്പെടുന്നതാണ്.

(ഇ) പദ്ധതി 2011-ാം ആണ്ട് ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.